മറ്റൊരു പ്രതിസന്ധിക്കു കാരണമാകും. ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തിക പരിമിതികളിൽ അതിനെക്കുറിച്ച് ആലോചിക്കാൻ കഴിയില്ല. അതു തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാം. ശ്രീ. ബാലനടക്കമുള്ളവരുമായി ഒന്നുരണ്ടു ചർച്ചകൾ നടത്തി. Madras Spinners and Weavers വീണ്ടും വരുന്നുണ്ട്. അതു തുറന്നു പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ഒരുക്കാമെന്നാണ് എനിക്കു പറയാനുള്ളത്.

(3) കല്ലൂർകാട് പഞ്ചായത്തിൽ അനുവദിച്ച ഫയർ സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കല്ലൂർകാട് ആസ്ഥാനമായി ഒരു ഫയർ സ്റ്റേഷൻ അനുവദിച്ചിട്ട് ഏതാണ്ട് 3 വർഷമായി. പഞ്ചായത്ത് അതിനാവശ്യമായ കെട്ടിടവും മറ്റു സൗകര്യങ്ങളും ഒക്കെയുണ്ടാക്കുകയും ചെയ്തു. പക്ഷേ നാളിതുവരെ അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. അടിയന്തരമായി അതിന്റെ പ്രവർത്തനം തുടങ്ങുവാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽപ്പെട്ട കല്ലൂർകാട് ആസ്ഥാനത്ത് ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനു രണ്ടായിരാമാണ്ടിലെ മുൻഗണനാ ലിസ്റ്റിൽ പേര് ഉണ്ടായിരുന്നു. ഇപ്പോൾ ആ ലിസ്റ്റൊക്കെ കാലഹരണപ്പെട്ടു കഴിഞ്ഞു. പുതിയ ലിസ്റ്റ് തയ്യാറാക്കിത്തരാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും അക്കൂട്ടത്തിൽ പരിഗണിക്കുവാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(4) പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി പുറന്തള്ളുന്ന മാലിന്യങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, പാലക്കാട്, ചിറ്റൂർ താലൂക്കിലെ പ്ലാച്ചിമട കൊക്കകോള കമ്പനി അടച്ചു പൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്കു ആവശ്യപ്പെടാനുള്ളത്. കമ്പനി പ്രവർത്തനം ആരംഭിച്ചപ്പോൾ മുതൽ ഈ പ്രദേശത്തെ ജനങ്ങൾ കുടിവെള്ളക്ഷാമം രൂക്ഷമായതിന്റെ പേരിൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പുറത്തു വന്നിരിക്കുന്ന വിവരങ്ങൾ മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. കമ്പനി പുറത്തു വിടുന്ന ഖര മാലിന്യങ്ങൾ ആയ കാഡ്മിയവും കറുത്തീയവും ക്യാൻസർ, കുട്ടികളിൽ ബുദ്ധിമാന്ദ്യം, ഗർഭഛിദ്രം എന്നിവയ്ക്ക് ഇടയാക്കുമെന്നാണ് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. കോള വളം എന്ന പേരിലാണ് ചിറ്റൂർ താലൂക്കിൽ ആകെ ഈ സാധനം വിതരണം ചെയ്തിട്ടുള്ളത്. ഈ പ്രദേശത്തെ കിണർ വെള്ളത്തിൽ ക്ലോറൈഡിന്റെ അളവ് സാധാരണ ഗതിയിൽ 10 മൈക്രോഗ്രാം വരെയാകാമെന്നുള്ളത് ഇപ്പോൾ 65 മൈക്രോഗ്രാം വരെ ആയിരിക്കുകയാണ്. വെള്ളത്തിന്റെ ക്ഷാരത കൂടുതലാണ്. ഈ വെള്ളം ഉപയോഗിച്ചാണ് ഇപ്പോൾ കോള ഉല്പന്നങ്ങളും, മിനറൽവാട്ടറും കമ്പനി ഉല്പാദിപ്പിക്കുന്നത്. ഇതു കുടിക്കുന്നതു തന്നെ അപകടകരമാണ്. ഇപ്പോൾ വിവാദം ഉയർന്നു വന്നതിനുശേഷം മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉദ്യോഗസ്ഥന്മാർ കമ്പനിയിൽ ചെന്ന് അവർ കൊടുത്ത സാമ്പിൾ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങി നോക്കിയിട്ടാണ് തിരിച്ചു പോയത്. ജനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനോ ആവശ്യമായ നടപടികൾ സ്വീകരിക്കാനോ അവർ തയ്യാറായിട്ടില്ല. ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് പെരുമാട്ടി ഗ്രാമപഞ്ചായത്ത് ഈ കമ്പനിയുടെ ലൈസൻസ് റദ്ദാക്കി. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറി അതു സ്റ്റേ ചെയ്തിരിക്കുകയാണ്. 6-ാം തീയതി വീണ്ടും ഇതു പരിഗണനയ്ക്കു വരികയാണ്. പഞ്ചായത്തിന്റെ തീരുമാനം അംഗീകരിച്ചു നടപ്പിലാക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സൂചിപ്പിക്കാനുള്ളത്. ഇന്നു ഹൈക്കോടതിയിൽ ഈ കേസ് സംബന്ധിച്ചു വിചാരണ നടക്കുകയാണ്. ഇപ്പോൾ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ഗവൺമെന്റിന്റെ കൈവശമുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതു പരിശോധിച്ച് ആവശ്യമായ, ശക്തമായ നടപടി സ്വീകരിക്കണം. പതിനൊന്നായിരം ഹെക്ടർ കൃഷി ഭൂമി നശിച്ചിരിക്കുകയാണ്. കുടിവെള്ളം കിട്ടുന്നില്ല. ഗുരുതരമാണ് പ്രശ്നം.വെറുമൊരു നിസ്സാര പരിസ്ഥിതി പ്രശ്നമായി പരിഗണിക്കാതെ ശക്തമായ നടപടി സ്വീകരിക്കണം. ഇതു എൽ. ഡി. എഫ്. യു.ഡി. എഫ്. പ്രശ്നമല്ല. എൽ. ഡി. എഫ്.ന്റെ കാലത്തു കൊടുത്തു, അത് ഇപ്പോഴും തുടരുന്നു എന്ന സമീപനം സ്വീകരിക്കാതെ കേരളത്തിന്റെ പൊതുവായ പ്രശ്നം എന്ന നിലയിൽ ജലവിഭവം പഞ്ചായത്ത്, ആരോഗ്യം, വ്യവസായം എന്നീ വകുപ്പുകൾ ഉൾപ്പെടുന്നതാണ് എന്നുള്ളതുകൊണ്ട് മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ മുൻകൈ എടുത്ത് ആവശ്യമായ നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, കൊക്കകോള ഫാക്ടറി ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. പശ്ചിമ ബംഗാളിൽ നാലഞ്ചെണ്ണമുണ്ട്. ഇവിടെ മാത്രം എന്താണ് പ്രശ്നം എന്നതിനെ സംബന്ധിച്ച് പഠിക്കാം. ഇവിടെ സൂചിപ്പിച്ച വിഷയത്തിൽ ഇപ്പോഴുള്ള റിപ്പോർട്ട് എന്നു പറയുന്നത്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എല്ലാ പരിശോധനയും കഴിഞ്ഞ് നിങ്ങളുടെ കാലത്തു കൊടുത്തതാണ്. യാതൊരു പ്രശ്നവുമില്ല എന്നായിരുന്നു അന്നത്തെ റിപ്പോർട്ടുകൾ സൂചിപ്പിച്ചത്. എന്നാൽ ഇപ്പോൾ പത്ര റിപ്പോർട്ടുകൾ വന്നിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് വീണ്ടും പരിശോധിക്കുന്നതാണ്. ഇതാണ് ആക്ച്വൽ സ്ഥിതി. പരിശോധിച്ചിട്ടു പറയാം.

(5) നാടാർ എസ്.ഐ.യു.സി. സമുദായത്തിനുള്ള സംവരണം പുനഃസ്ഥാപിക്കൽ

ശ്രീ. എൻ. ശക്തൻ : സർ, ദീർഘവർഷങ്ങളായി നാടാർ എസ്. ഐ. യു. സി. സമുദായത്തിനു കിട്ടിക്കൊണ്ടിരുന്ന ഉദ്യോഗ സംവരണം ഇപ്പോൾ നഷ്ടമായിരിക്കുകയാണ്. കേരളത്തിൽ ഏതാണ്ട് 10 ലക്ഷത്തോളം നാടാർ സമുദായ എസ്. ഐ. യു. സി. വിഭാഗമുണ്ട്. ഈ 10 ലക്ഷം പേരെ ഇപ്പോൾ 70 സമുദായങ്ങളുള്ള ഒ. ബി. സി. ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ദീർഘവർഷങ്ങളായി ജോലിക്കു വേണ്ടി ശ്രമിക്കുകയും പല ടെസ്റ്റുകൾ എഴുതി അവസാനം റാങ്കു ലിസ്റ്റിൽ കിടക്കുന്നതുമായ ആയിരക്കണക്കിനു ഉദ്യോഗാർത്ഥികൾക്ക് ഇതുമൂലം ജോലി നഷ്ടപ്പെടുകയാണ്. ഇതിനു മുൻകാല പ്രാബല്യം നൽകുകയാണെങ്കിൽ ഏതാണ്ട് 2000-നു ശേഷം

LIBRARY ARCHIVES Kerala Legislative Assembly